തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 | 2018 ഒക്ടോബർ | ലക്കം 10

## 24-ാം ഓർമ്മപ്പെരുന്നാൾ



ആർച്ചുബിഷപ്പ്
ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ
2018 ഒക്ടോബർ 10, പട്ടം കത്തീഡ്രൽ



അത്യഭിവന്ദ്യ കാതോലിക്കബാവാ തിരുമേനി കൂദാശചെയ്ത
കഴക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം
(2 സെപ്റ്റംബർ 2018)




ബഥനിയുടെ ശതാബ്ദി ആഘോഷങ്ങൾ
അത്യഭിവന്ദ്യ കാതോലിക്കബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.
(ദീപഗിരി, റാന്നി–പെരുനാട്, 22 സെപ്റ്റംബർ 2018)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 2018 ഒക്ടോബർ ലക്കം 10

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

THE SYRO-MALANKARA CATHOLIC CHURCH

**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 3/2018 28 September

## സർക്കുലർ

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 24-ാം ഓർമ്മപ്പെരുന്നാൾ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

2018 ഒക്ടോബർ 10-ാം തീയതി ബുധനാഴ്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 24-ാം ഓർമ്മപ്പെരുന്നാൾ ദിനമാണല്ലോ. വന്ദ്യപിതാവിനെ സ്നേഹാദരവുകളോടെ അനുസ്മരിക്കുവാനുള്ള അവസരം. 41 വർഷം മലങ്കര കത്തോലിക്കാസഭയ്ക്ക് നേതൃത്വം നൽകിയ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മലങ്കരസഭയുടെ ശുശ്രൂഷകൾ സമസ്തമേഖലകളിലും വ്യാപിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് കാലോചിതമായ മാനം നൽകിയ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകൾ ഈ കാലഘട്ടത്തിൽ പ്രത്യേകം പഠനവിഷയമാക്കേണ്ട

താണ്. തന്റെ അജപാലന ശുശ്രൂഷയിലൂടെ ദൈവത്തിനും ദൈവജന ത്തിനും വേണ്ടി ആത്മാർപ്പണം ചെയ്ത പുരോഹിതനും, ദൈവ ജനത്തിന്റെ അധർമ്മവും അവിശ്വസ്തതയും ചൂണ്ടിക്കാണിച്ച് അവരെ ആന്തരിക പരിവർത്തനത്തിന് വിധേയനാക്കിയ പ്രവാച കനും, ദൈവജനത്തെ ദൈവീകാധികാരത്താൽ ദൈവത്തിങ്കലേക്ക് നിയന്ത്രിച്ച് നയിച്ച രാജാവുമായിരുന്നു ശ്രേഷ്ഠാചാര്യനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്.

ദൈവഹിതത്തിന് പ്രത്യുത്തരം നല്കികൊണ്ട് സന്ന്യാസ പൗരോഹിത്യാന്തസിലേക്ക് പ്രവേശിച്ച വന്ദ്യ പിതാവ് ക്രിസ്തു വാകുന്ന തായ്ത്തണ്ടിനോട് ചേർന്ന് നിന്ന് നിരന്തരം ശക്തി വലി ച്ചെടുത്തിരുന്നു. തനിക്കും തന്റെ അജഗണത്തിനും വേണ്ടി രാപ കലെന്യേ ആ ഹൃദയത്തിൽ നിന്ന് പ്രാർത്ഥനകൾ ഉയർന്നിരുന്നു. പുരോഹിതന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ വിശ്വസ്തമായും പൂർണ്ണതയിലും നിറവേറ്റാൻ വേണ്ട ഊർജ്ജം പിതാവിന് സമ്മാ നിച്ചത് പ്രാർത്ഥനയുടെ നിമിഷങ്ങളായിരുന്നു. സന്യാസത്തിന്റെ മൂശയിൽ സ്ഫുടം ചെയ്ത് പാകപ്പെടുത്തിയ ആ പ്രാർത്ഥനാ ജീവിതം എല്ലാവർക്കും മാതൃകയും പ്രചോദനവുമായിരുന്നു.

വിദ്യാഭ്യാസം, കൃഷി, തൊഴിൽ, ഭവനനിർമ്മാണം, ആതുര ശുശ്രൂഷ, സാമൂഹികസേവനം, പരിസ്ഥിതിസംരക്ഷണം, എക്യു മെനിസം, മതസൗഹാർദ്ദം തുടങ്ങിയ മേലകളിൽ അദ്ദേഹം നൽകി യിട്ടുള്ള നേതൃത്വം നാനാജാതി മതസ്ഥരായ അനേകർ ഇന്നും കൃതജ്ഞതയോടെ അനുസ്മരിക്കുന്നുണ്ട്.

മനുഷ്യനെ അവന്റെ സമഗ്രതയിൽ വീക്ഷിക്കാൻ പഠിപ്പിച്ച അദ്ദേഹം മനുഷ്യനിൽ മാത്രമല്ല ഈ മണ്ണിലും പ്രകൃതിയിലും

ദൈവസാന്നിദ്ധ്യവും രഹസ്യാത്മകതയും ദർശിച്ചു. അതുകൊണ്ടാണ് മനുഷ്യനോടൊപ്പം ഈ പ്രപഞ്ചത്തേയും അദ്ദേഹം സ്നേഹിച്ചത്. കാർഷിക, വിദ്യാഭ്യാസ, വ്യാവസായിക-തൊഴിൽ, സാംസ്കാരിക രംഗങ്ങളിലെല്ലാം തന്നെ വ്യക്തിമുദ്ര പതിപ്പിച്ച തിരുമേനി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻനിരയിലായിരുന്നു. മലങ്കരയുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി എം.എസ്സ്. എസ്സ്.എസ്സ്. സ്ഥാപിച്ചുകൊണ്ട് അനേകർക്ക് ജീവിതവെളിച്ചം പകർന്നുനൽകുന്നു. നിറഞ്ഞുനിന്ന ദൈവസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സ്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

24-ാം ഓർമ്മപ്പെരുന്നാൾ ദിനത്തിന്റെ തലേദിവസം ഒക്ടോബർ 9 ചൊവ്വാഴ്ച വൈകുന്നേരം 5.00 മണിക്ക് എം.സി.എ. യുടെ നേതൃത്വത്തിൽ നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ നിന്നും വന്ദ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് ശാന്തിയാത്ര ഉണ്ടായിരിക്കുന്നതാണ്. ഓർമ്മപ്പെരുന്നാൾ ദിവസം പട്ടം കത്തീഡ്രലിൽ രാവിലെ 6.30-ന് പ്രഭാത നമസ്കാരവും തുടർന്ന് വി. സമൂഹബലിയും കബറിങ്കൽ ധൂപ പ്രാർത്ഥനയും നടക്കും.

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 24-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടക്കുന്ന എല്ലാ ശുശ്രൂഷകളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും വന്ദ്യപിതാവിനോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുകയും ചെയ്യുക.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥന കളാൽ തന്നെ, ആമ്മീൻ.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്
## 24-ാം ഓർമ്മപ്പെരുന്നാൾ

### പരിപാടികൾ

2018 ഒക്ടോബർ 9 ചൊവ്വ

5.00 pm : **ശാന്തിയാത്ര**
(നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ നിന്ന്)

6.30 pm : **സന്ധ്യാനമസ്കാരം**
**കബറിങ്കൽ ധൂപപ്രാർത്ഥന**

2018 ഒക്ടോബർ 10 ബുധൻ

6.30 am : **പ്രഭാതനമസ്കാരം**
**വി. സമൂഹബലി**
**ധൂപപ്രാർത്ഥന**
**നേർച്ചവിതരണം**

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# സഭാ വാർത്തകൾ

## കെ.സി.ബി.സി. സർക്കുലർ

ജലന്ധർ രൂപതാ ബിഷപ് ഡോ. ഫ്രാങ്കോ മുളക്കലിനെതിരെ, ആ രൂപതയിൽ പ്രവർത്തിക്കുന്ന മിഷണറീസ് ഓഫ് ജീസസ് എന്ന സന്ന്യാസസഭയിലെ അംഗമായ ഒരു സന്ന്യാസിനി കുറവിലങ്ങാട്ടു പോലീസ് സ്റ്റേഷനിൽ നല്കിയ ലൈംഗിക പീഡന പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും കോടതി അദ്ദേഹത്തെ പോലീസ് കസ്റ്റഡിയിൽ വിടുകയും ചെയ്ത സംഭവം കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വേദനാ ജനകമാണ്. ഇത്തരം കാര്യങ്ങൾ സംഭവിക്കാൻ ഇടയായതിൽ കെസിബിസി ഖേദിക്കുന്നു.

കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ ശരിതെറ്റു കളെക്കുറിച്ച് അഭിപ്രായം പറയുന്നത് ഉചിതമല്ലെന്നു കെസിബിസി കരുതുന്നു. കേസിന്റെ തുടരന്വേഷണവും വിചാരണയും, നിഷ്പ ക്ഷമായും സമ്മർദങ്ങൾക്കു വിധേയമാകാതെയും നടക്കണം. കോടതിയിൽ സത്യം തെളിയുമെന്നും കുറ്റാരോപിതനു തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം കിട്ടുമെന്നും, കുറ്റം തെളി യിക്കപ്പെട്ടാൽ കുറ്റവാളിക്കു നിയമം അനുശാസിക്കുന്ന ശിക്ഷ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ സമ്പൂർണമായ നീതി നടപ്പിലാകാൻ വേണ്ടി പ്രാർത്ഥിക്കുന്നു. ആരോപണം ഉന്ന യിച്ച വ്യക്തിയുടെയും ആരോപണവിധേയന്റേയും ആത്മാഭിമാ നത്തെയും മനുഷ്യാന്തസ്സിനെയും അവഹേളിക്കുന്നതിന് ബോധ പൂർവം നടത്തുന്ന ശ്രമങ്ങൾ നീതിക്കും മനുഷ്യത്വത്തിനും നിരക്കുന്നതല്ല എന്നതും വിസ്മരിക്കരുത്.

ഈ കേസിന്റെ മറവിൽ, കത്തോലിക്കാസഭയോടു വിരോ ധമോ അസൂയയോ ഉള്ള ചിലരും, നിഗൂഢലക്ഷ്യവും നിക്ഷിപ്ത താത്പര്യവും ഉള്ള ചില മാധ്യമപ്രവർത്തകരും, സഭയ്ക്കുള്ളിലെ ഏതാനും അസംതൃപ്തരും ചേർന്ന് കത്തോലിക്കാസഭയെ ബല ഹീനമാക്കാനും സഭാപിതാക്കന്മാരെ അപകീർത്തിപ്പെടുത്താനും നടത്തുന്ന ശ്രമത്തെ വിശ്വാസികൾ തിരിച്ചറിയണം. ഒരു വ്യക്തി ക്കെതിരേയുള്ള ആരോപണത്തിന്റെ പേരിൽ ഒരു സഭയെ മുഴുവൻ

അധിക്ഷേപിക്കുന്നവർക്കെതിരേ ജാഗ്രത പുലർത്തണം. ഇന്ത്യയിലെ പ്രശസ്തനായ ഒരു മാധ്യമപ്രവർത്തകൻ സഹപ്രവർത്തകയുടെ ലൈംഗിക പീഡനാരോപണത്തിനു വിധേയനായി ജയിലിലായപ്പോൾ മാധ്യമപ്രവർത്തകരെയെല്ലാം ആരും അടച്ചാക്ഷേപിച്ചില്ല. കേരളത്തിലെ ഒരു മന്ത്രി ലൈംഗികപീഡനാരോപണത്തിന്റെ പേരിൽ രാജിവയ്ക്കേണ്ടിവന്നപ്പോൾ, മുഴുവൻ മന്ത്രിമാരെയും രാഷ്ട്രീയക്കാരെയും ആരും കുറ്റപ്പെടുത്തിയില്ല. ഒരു സുപ്രീംകോടതി ജഡ്ജിക്കെതിരെ ലൈംഗിക പീഡന ആരോപണമുണ്ടായതിനെത്തുടർന്ന്, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം അദ്ദേഹം രാജിവയ്ക്കേണ്ടിവന്നപ്പോൾ സുപ്രീംകോടതി ജഡ്ജിമാരെയോ ജുഡീഷ്യറിയെ പൊതുവായോ ആരും ആക്രമിച്ചില്ല. എന്നാൽ ഇന്ത്യയിലെ ഒരു കത്തോലിക്കാ ബിഷപ്പിനെതിരേ ലൈംഗിക പീഡന ആരോപണം ഉണ്ടായപ്പോൾ, അന്വേഷണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ, ചില സ്ഥാപിതതാത്പര്യക്കാരും മാധ്യമങ്ങളും ചേർന്ന്, കത്തോലിക്കാ സഭയെയും ബിഷപ്പുമാരെ പൊതുവായും ആക്രമിക്കുകയായിരുന്നു. ഇതിലെ അനീതിയും ഗൂഢലക്ഷ്യവും കത്തോലിക്കർ മാത്രമല്ല പൊതുസമൂഹവും തിരിച്ചറിയണം. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യവികസനം തുടങ്ങിയ രംഗങ്ങളിൽ ശ്ലാഘനീയമായ സേവനം നടത്തിയിട്ടുള്ള, കാലാകാലങ്ങളിലുണ്ടായ പ്രകൃതിദുരന്താവസരങ്ങളിൽ ജാതിയും മതവും നോക്കാതെ വ്യാപകമായ ദുരിതാശ്വാസപുനരധിവാസ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള ഒരു സമൂഹത്തെ ഇങ്ങനെ വളഞ്ഞിട്ടാക്രമിക്കുന്നതിനു പിന്നിൽ അസൂയയോ വിദ്വേഷമോ എന്നു വ്യക്തമല്ല. വിശുദ്ധിയിൽ ജീവിക്കുന്ന നിരവധി ബിഷപ്പുമാരും വൈദികരും കന്യാസ്ത്രീകളുമുള്ള കത്തോലിക്കാസഭയെ, ഒരു ബിഷപ്പിനെതിരേ ഉയർന്ന, ഇനിയും തെളിയിക്കപ്പെട്ടിട്ടില്ലാത്ത ആരോപണത്തിന്റെ പേരിൽ അവഹേളിക്കുന്നത് അനീതിയാണ്.

സഭയിലെ അച്ചടക്കവും അധികാരികളോടുള്ള വിധേയത്വവും തകർത്ത്, സഭയ്ക്കുള്ളിലെ ഐക്യവും കെട്ടുറുപ്പും നശിപ്പിച്ച്, അരാജകത്വം വളർത്താനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നു. സമർപ്പിത ജീവിതത്തിന്റെ വിശുദ്ധിയും പരിപാവന

തയും പരിഹസിക്കപ്പെടുന്നു. കുമ്പസാരം പോലുള്ള കൂദാശ പോലും ചോദ്യം ചെയ്യപ്പെടുന്നു. എന്നാൽ, വിശ്വാസ തീക്ഷ്ണ തയുള്ള ലക്ഷക്കണക്കിനു വിശ്വാസികളും, വിശുദ്ധ ജീവിതം നയിക്കുന്ന ആയിരക്കണക്കിനു സമർപ്പിതരും, ത്യാഗപൂർണമായ സേവനം ചെയ്യുന്ന നൂറുകണക്കിനു വൈദികരും മെത്രാന്മാരുമുള്ള ഇന്ത്യയിലെ കത്തോലിക്കാസഭയ്ക്ക്, ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള ഉൾക്കരുത്തുണ്ട്. കാരണം, ഇതു യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ സ്ഥാപിക്കപ്പെട്ട്, ആയിരക്കണത്തിനു രക്തസാക്ഷികളുടെ ത്യാഗത്തിലൂടെ വളർന്ന്, വിശുദ്ധിയിൽ ജീവിച്ച് സേവനം ചെയ്യുന്ന ആയിരങ്ങളുടെ പ്രാർത്ഥനയിലും പ്രവൃത്തിയിലും നിന്ന് ഊർജം സംഭരിച്ച് സമ്മർദങ്ങളെയും മർദനങ്ങളെയും അപവാദപ്രചരണങ്ങളെയും അതിജീവിച്ച പ്രേഷിത സഭയാണ്.

തെറ്റുകൾ തിരുത്തുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ സഭയ്ക്കുള്ളിൽ ഉണ്ടാക്കുകയും ചെയ്യും.

ഈ കേസിൽ ഉൾപ്പെട്ടവരുടെ ആരോപണ-പ്രത്യാരോപണങ്ങളുടെ പശ്ചാത്തലത്തിൽ, ആരെയും വിധിക്കാതെയും ആരെയും സംരക്ഷിക്കാതെയും, നിഷ്പക്ഷമായ പോലീസ് അന്വേഷണത്തെ സ്വാഗതം ചെയ്യുന്ന നിലപാടാണ് കെ.സി.ബി.സി. ആദ്യം മുതൽ എടുത്തത്. സത്യം വ്യക്തമായി അറിയാതെ അനുകൂലമായോ പ്രതികൂലമായോ നിലപാടു സ്വീകരിക്കാൻ കഴിയില്ല. സുപ്രീംകോടതിതന്നെ നിയമ വിരുദ്ധമെന്നു പറഞ്ഞിട്ടുള്ള മാധ്യമ വിചാരണക്കു പകരം, നിയമവാഴ്ച അനുശാസിക്കുംവിധം പോലീസ് അന്വേഷണവും കോടതി വിചാരണയും നടക്കണമെന്നും കെ.സി.ബി.സി. ആവശ്യപ്പെട്ടു. പരാതിക്കാരിയായ സന്ന്യാസിനി, സഭാനിയമപ്രകാരം അധികാരമുള്ളവർക്കു നല്കിയ പരാതിയിന്മേൽ എത്രയും വേഗം നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കെസിബിസി അറിയിച്ചിരുന്നു. സന്ന്യാസിനിയുടെ ആരോപണം പോലീസിന്റെയും കോടതിയുടെയും പരിഗണനയിലിരിക്കുമ്പോൾ, പ്രസ്തുത ആരോപണത്തന്റെ പേരിൽ സഭാധികാരികൾ തിടുക്കത്തിൽ നടപടിയെടുക്കുന്നത് ഉചിതമായിരുന്നില്ല. എങ്കിലും, പോലീസ് അന്വേഷണം അവസാനിക്കാൻ കാത്തു നില്ക്കാതെ, ബിഷപ് ഫ്രാങ്കോ മുളക്കലിനെ ജലന്ധർ രൂപതയുടെ ഭരണചുമ

തലയിൽ നിന്നു താത്കാലികമായി മാറ്റി നിർത്തിക്കൊണ്ടുള്ള നടപടി അതിനധികാരമുള്ളവർ കൈക്കൊണ്ടിട്ടുണ്ട്. സന്ന്യാസിനി ചുമതലപ്പെട്ടവർക്കു പരാതി നല്കിയപ്പോൾ സഭ ന്യായമായ സമയത്തിനുള്ളിൽ ഉചിതമായ നടപടിയെടുത്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പരാതിക്കാരിക്കു സഭയിൽ നിന്നു നീതി ലഭിച്ചില്ല എന്ന ആരോപണത്തിൽ കഴമ്പില്ല.

ഏതു കാരണത്തിന്റെ പേരിലായാലും ചില വൈദികരും സന്ന്യാസിനികളും ചേർന്ന് കത്തോലിക്കാസഭയെയും, സഭാധികാരികളെയും, കൂദാശകളെപ്പോലും പരസ്യമായി അവഹേളിക്കാൻ സഭയുടെ ശത്രുക്കൾക്ക് അവസരം ലഭിക്കുംവിധം വഴിവക്കിൽ സമരം ചെയ്തത് കത്തോലിക്കാസഭയെ സ്നേഹിക്കുന്നവരെയെല്ലാം വേദനിപ്പിച്ചു. അവരുടെ നടപടി ക്രൈസ്തവമൂല്യങ്ങൾക്കും കത്തോലിക്കാ സഭയുടെ ഉത്തമതാത്പര്യങ്ങൾക്കും അവരുടെ തന്നെ സന്ന്യാസനിയമങ്ങൾക്കും വിരുദ്ധമായിരുന്നു എന്നു സഭാംഗങ്ങളും പൊതുസമൂഹവും തിരിച്ചറിയുമെന്നു വിശ്വസിക്കുന്നു.

24.09.2018 സെക്രട്ടറി

കെ.സി.ബി.സി.

## 'ദീപഗിരി' ബഥനി ആശ്രമം

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ബഥനി സന്ന്യാസസമൂഹത്തിന് തുടക്കം കുറിച്ച റാന്നി-പെരുന്നാട്ടിൽ മിശിഹാനുകരണ സന്ന്യാസസമൂഹത്തിന്റെ ഒരു ആശ്രമം 'ദീപഗിരി' 2018 സെപ്റ്റംബർ 22-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത് സമർപ്പിച്ചു. അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ സഹകാർമ്മികരായിരുന്നു. ബഥനി സന്ന്യാസസമൂഹാദ്ധ്യക്ഷൻ വെരി റവ. ജോസ് കുരുവിള ഒ.ഐ.സി., നവജീവൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ വെരി റവ. മാത്യു തിരുവാലിൽ ഒ.ഐ.സി., വികാരി ജനറാൾമാർ, കോർ എപ്പിസ്കോപ്പാമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, നൂറുകണക്കിന് ബഹു. വൈദികർ, സന്ന്യസ്തർ, അല്മായ സഹോദരങ്ങൾ തുടങ്ങിയവർ പ്രസ്തുത കർമ്മത്തിൽ പങ്കുചേർന്നു. ഏഴ് യാമങ്ങളിലും ദൈവസന്നിധിയിലേക്ക് പ്രാർത്ഥനകൾ ഉയരുന്ന ഭവനമായി 'ദീപഗിരി' നിലനിൽക്കും.

# ബഥനി ആശ്രമത്തിന്റെ ശതാബ്ദി ഉദ്ഘാടനം

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി (ഫാ. പി.റ്റി. ഗീവർഗീസ്) 1919 ആഗസ്റ്റ് 15-ന് പെരുന്നാട് മുണ്ടൻമലയിൽ ആരംഭിച്ച ബഥനി സന്ന്യാസപ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷത്തിന് തുടക്കമായി. 2018 സെപ്റ്റംബർ 22-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പെരുന്നാട് ബഥനി മലയിൽ ശതാബ്ദി സ്മാരക ആശ്രമം 'ദീപഗിരി' ബഥനി ആശ്രമം കൂദാശ ചെയ്തതിനുശേഷം നടത്തിയ പൊതുസമ്മേളനത്തിൽ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ശതാബ്ദി ആഘോഷ ങ്ങളുടെ ലോഗോയും ഇത്തരുണത്തിൽ പ്രകാശനം ചെയ്തു. "നൂറു വർഷങ്ങൾക്കു മുമ്പ് മലങ്കര സഭയുടെ ആധ്യാത്മിക സമുദ്ധാരണത്തിനുവേണ്ടിയും ലോകമെങ്ങും സുവിശേഷത്തിന്റെ സത്ഫലങ്ങൾ പകർന്നുകൊടുക്കുകയും ചെയ്യുന്നതിനുവേണ്ടി തുടങ്ങിവച്ച ആശ്രമ പ്രസ്ഥാനം അതിന്റെ എല്ലാവിധമാകുന്ന ആധ്യാത്മിക അർത്ഥത്തിലും എന്നും നിലനിൽക്കുകയും 'ദീപ ഗിരി' ബഥനി ആശ്രമം അതിന്റെ ലക്ഷ്യം കൈവിടാതെ പ്രാർത്ഥ നാഭവനമായി എന്നും നിലകൊള്ളുകയും ചെയ്യട്ടെ. ഇവിടെ സൗക ര്യങ്ങൾ ക്രമീകരിക്കാം. എന്നാൽ അത് ലളിതവും ആകർഷണീ യവുമായിരിക്കണം. ഇതിന്റെ അരൂപി നഷ്ടപ്പെട്ടു പോകാതെ കാത്തുസൂക്ഷിക്കാൻ കഴിയട്ടെ. ഈ ആശ്രമം, സന്ന്യാസത്തിന്റെ അരൂപി മാർ ഈവാനിയോസ് പിതാവ് നൽകിയ അതേ അരൂപി യിൽ ജീവിച്ചാൽ പ്രിയപ്പെട്ടവരേ നമുക്ക് വീണ്ടും ആത്മീയമായ ഒരു അത്ഭുതം, അടയാളം ഈ ഭവനത്തിലൂടെ സ്വീകരിക്കാൻ നമുക്ക് കഴിയും. അതിനുള്ള ദൈവകൃപ ധാരാളമായി ലഭിക്കട്ടെ" എന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ആശംസിച്ചു.

# വൈദിക സമ്മേളനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡൽ കമ്മീഷൻ ഫോർ ക്ലർജിയുടെ ആഭിമുഖ്യത്തിൽ 2019 ഫെബ്രുവരി 18, 19 തീയതികളിൽ നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്റ റിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വൈദിക രുടെ ഒരു സംഗമം നടക്കും. ഫെബ്രുവരി 18 ഉച്ചയ്ക്കുശേഷം 3.00-ന് ആരംഭിച്ച് 19 ഉച്ചവരെ ആയിരിക്കും ഈ സമ്മേളനം.

## ദൈവാലയ കൂദാശ - കഴക്കുന്നം

നെടുമങ്ങാട് വൈദികജില്ലയിലെ കഴക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുനർ നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2018 സെപ്റ്റംബർ 2-ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. അരുൺദാസ് ദേസരി ഒ.ഐ.സി. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## റവ. ഫാ. ജോൺ സി.സി. യ്ക്ക് മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ്

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗവും പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലുമായ റവ. ഫാ. ജോൺ സി.സി. യ്ക്ക് മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. സെന്റ് മേരീസ് സ്കൂളിന്റെ പ്രിൻസിപ്പൽ എന്ന നിലയിൽ പാഠ്യരംഗത്തും പാഠ്യേതരരംഗത്തും ബഹു. അച്ചൻ നൽകുന്ന നേതൃത്വത്തിന്റെ അംഗീകാരമാണ് ഈ അവാർഡ്.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ**

## ഡോ. ചെറിയാൻ പണിക്കർ മലങ്കര കാത്തലിക് ഹയർ എഡ്യൂക്കേഷൻ ബോർഡിന്റെ (തിരുവനന്തപുരം) വൈസ് പ്രസിഡന്റ്

നാലാഞ്ചിറ സെന്റ് തോമസ് ഇടവകാംഗമായ ഡോ. ചെറിയാൻ പണിക്കരെ മലങ്കര കാത്തലിക് ഹയർ എഡ്യൂക്കേഷൻ ബോർഡിന്റെ (തിരുവനന്തപുരം) വൈസ് പ്രസിഡന്റായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ**

## വൈദികമന്ദിരം കൂദാശ ചെയ്തു

കഴക്കൂട്ടം വൈദികജില്ലയിലെ വേങ്ങോട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തോട് ചേർന്ന് നിർമ്മിച്ച വൈദിക മന്ദിരം 2018 സെപ്റ്റംബർ 29-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്തു. റവ. ഫാ. ബനഡിക്ട് കൂടത്തുമണ്ണിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ **വാർഷികധ്യാനം** 2018 ഒക്ടോബർ 28 മുതൽ നവംബർ 2-ാം തീയതി ഉച്ചവരെ പാലാ അൽഫോൺസിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കും. റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ധ്യാനം നയിക്കും. 2018 ഒക്ടോബർ 28 ഞായർ ഉച്ചകഴിഞ്ഞ് 3.00-ന് തിരുവനന്തപുരത്ത് നിന്ന് ഇതിനുള്ള യാത്രാക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. മേജർ അതിഭദ്രാസന കേന്ദ്രത്തിൽ നിന്നും ക്രമീകരിക്കുന്ന വാഹനത്തിൽ പോകുവാൻ ആഗ്രഹിക്കുന്ന ബഹു. വൈദികർ 2018 ഒക്ടോബർ 25-ന് മുമ്പായി വിവരം ചാൻസിലറെ അറിയിക്കേണ്ടതാണ് (ഫോൺ: 9447399959).

- ചാൻസിലർ

## SPECIAL APPOINTMENTS

Rt. Rev. Msgr. Dr. Varkey Attupurath

- Bursar, Sacred Heart School, Kallayam

## APPOINTMENT - PARISHES

Rev. Fr. Koshy Chirakkarottu (Vicar in-charge)

- Nilamel
- Thattathumala
- Dharpakkadu

Rev. Dr. Louis Charuvila Puthenveedu

- Kallayam (Additional)

Rev. Fr. Bitty Mathew Chathoth

- Chanthavila

Rev. Fr. Daniel Plavilayil

- Karavaloor
- Manalil

Rev. Fr. George Bhattasseril

- Chempanaruvi (Additional)

## CHANGE OF ADDRESS

Rev. Fr. Daniel Plavilayil
St. Benedict's Malankara Syrian Catholic Church
Karavaloor P.O., Kollam - 691 318

## NEW TELEPHONE NUMBER

Girideepam Convention Centre - 9400333288
Nalanchira

# ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ്, സെക്രട്ടറി സമ്മേളനം

സണ്ടേസ്കൂൾ ജില്ലാ ഡയറക്ടേഴ്സിന്റേയും ആനിമേറ്റേഴ്സിന്റേയും ജില്ലാ സെക്രട്ടറിമാരുടേയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട അതിഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങളുടേയും സംയുക്ത യോഗം സെപ്റ്റംബർ 21-ാം തീയതി 10 മണിക്ക് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അതിഭദ്രാസന വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. ഡാനിയേൽ കുളങ്ങര അദ്ധ്യക്ഷം വഹിച്ചു. ഈ സമ്മേളനത്തിൽ എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ സംബന്ധിച്ചു.

അതിഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങളായി (2018-2021) അത്യഭിവന്ദ്യ ബാവാ തിരുമനസ്സുകൊണ്ട് അംഗീകരിച്ച് ചുമതല ഏറ്റെടുത്തവർ:

| | |
|---|---|
| അടൂർ | - ശ്രീ. മാത്യു പ്ലാവിളയിൽ |
| അഞ്ചൽ | - ശ്രീ. പി.ജി. എഡിസൺ |
| ആയൂർ | - ഡോക്ടർ പ്രകാശ് അലക്സ് |
| കഴക്കൂട്ടം | - ശ്രീമതി ബീന പി. എസ്. |
| കിളിമാനൂർ | - ബ്രദർ രാജേന്ദ്രൻ |
| കൊട്ടാരക്കര | - ശ്രീ. ജേക്കബ് കല്ലുംമൂട്ടിൽ |
| നെടുമങ്ങാട് | - ശ്രീ. രഞ്ചിത്ത് കോഴിയോട് |
| പുനലൂർ | - പ്രൊഫ. കെ. വൈ. ജോൺസൺ |
| തിരുവനന്തപുരം | - ശ്രീ. പ്രദീപ് ജോർജ്ജ് |
| നോമിനേറ്റഡ് അംഗം | - ശ്രീ. പ്രദീപ് രാജ് (തമലം) |
| നോമിനേറ്റഡ് അംഗം | - ശ്രീ. വർഗ്ഗീസ് ജോർജ്ജ് (പാളയം) |
| നോമിനേറ്റഡ് അംഗം | - ഡോ. ജെയിംസ് റ്റി. ജോസഫ് (നാലാഞ്ചിറ) |

**പുതിയ ജില്ലാ ഡയറക്ടേഴ്സ്**

| | |
|---|---|
| അഞ്ചൽ | - റവ. ഫാ. അജോ കളപ്പുരയിൽ |
| കൊട്ടാരക്കര | - റവ. ഫാ. ഫിലിപ്പ് കണ്ണംകുളം |
| തിരുവനന്തപുരം | - റവ.ഫാ. മാത്യു വലിയവീട്ടിൽ |

**ആനിമേറ്റേഴ്സ്**

| | |
|---|---|
| കഴക്കൂട്ടം | - റവ. സി. സ്നേഹ തെരേസ് ഡി.എം. |
| കിളിമാനൂർ | - റവ. സി. ലിറ്റിൽ തെരേസ് എസ്.എച്ച്. |
| നെടുമങ്ങാട് | - റവ. സി. ഗ്രെയിസ് മാത്യു ഡി.എം. |

പുതുതായി ചുമതലയേറ്റ ഡയക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിഭദ്രാസന മതബോധന കാര്യാലയത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം കഴിഞ്ഞ കാലയളവിൽ പ്രവർത്തിച്ച ഏവർക്കും നന്ദി.

## സ്ഥിതി വിവര ഫോം

ഇതുവരേയും സ്ഥിതിവിവര ഫോമും അധ്യാപക ഐ. ഡി. കാർഡും എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം എത്തിക്കേണ്ടതാണ്. ഇവ 2018 ഒക്ടോബർ 20-നു മുമ്പ് നൽകാത്ത ഇടവകൾക്ക് ചോദ്യപേപ്പർ നൽകുന്നതല്ല.

## സെമസ്റ്റർ പരീക്ഷ

2018-2019 അധ്യയന വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 11-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. ഉത്തര കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി മാർക്കു ലിസ്റ്റ് തയ്യാറാക്കി ഇടവകയിൽ സൂക്ഷിക്കുകയും പ്രൊമോഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം.

**പരീക്ഷാ ചോദ്യപേപ്പർ (പ്രായോഗിക സമീപനങ്ങൾ)**

ഈ വരുന്ന സെമസ്റ്റർ പരീക്ഷ മുതൽ 5 മാർക്ക് $\frac{5}{50}$ കുട്ടികൾ ഇടവകയിൽ പങ്കെടുത്തിട്ടുള്ള വിശ്വാസ സംബന്ധമായ പ്രായോ

ഗിക പ്രവർത്തനങ്ങൾക്ക് മൂല്യനിർണ്ണയം ചെയ്യാവുന്ന വിധത്തി ലാണ് തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകർ ഇത് ശ്രദ്ധിക്കുമല്ലോ.

## ചോദ്യപേപ്പർ വിതരണം

2018-ലെ ആദ്യ സെമസ്റ്റർ ചോദ്യപേപ്പർ (Questions) ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് നവംബർ 3-നു ശേഷം കൈപ്പറ്റാവുന്നതാണ്.

## മേജർ അതിഭദ്രാസന അദ്ധ്യാപകസംഗമം

തീയതി - ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മണി മുതൽ
സ്ഥലം - തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൻ കീഴിലുള്ള ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ മതാദ്ധ്യാപകരേയും പങ്കെടുപ്പിച്ചിട്ടുള്ള അദ്ധ്യാപകസംഗമം 2018 ഡിസംബർ 8 ശനി യാഴ്ച രാവിലെ 9 മണി മുതൽ തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സമ്മേളിക്കുകയാണ്. ഈ സംഗമത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവയും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുക്കും. ഇത് പ്രധാന അറിയിപ്പായി കണ്ട് എല്ലാ മതാദ്ധ്യാപകരും പങ്കെടുക്കുന്നതിനു വേണ്ട മുൻ തയ്യാറെടുപ്പുകൾ ഇടവക തലങ്ങളിലും ജില്ലാ തല ങ്ങളിലും ഏവരും നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

## ദുരിതാശ്വാസ നിധി

കേരളക്കരയെ ഒന്നാകെ നടുക്കിയ മഹാപ്രളയത്തിൽ നമ്മുടെ മതബോധനപ്രസ്ഥാനവും കൈകോർക്കണമെന്ന് ആഗ്ര ഹിക്കുന്നു. ആയതിലേയ്ക്ക് ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കരുത്തേകുവാൻ സണ്ടേസ്കൂൾ കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ ഒരു തുക സംഭരിച്ച് ഏറ്റവും അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊ ടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സംരംഭത്തിലേയ്ക്ക് നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് വേണ്ട പ്രോത്സാഹനവും നേതൃത്വവും

ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, സണ്ടേസ്കൂൾ അദ്ധ്യാപകർ എന്നിവർ നൽകി ശേഖരിക്കുന്ന സഹായധനം ജില്ലാതല വിശ്വാസപരിശീലന ഡയറക്ടർമാർ വഴി അതിഭദ്രാസന വിശ്വാസ പരിശീലന കാര്യാലയത്തിൽ അടിയന്തര പ്രാധാന്യത്തോടെ എത്തിക്കേണ്ടതാകുന്നു. ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന വൈദിക ജില്ലയ്ക്ക് 2019-ലെ (അടുത്ത വർഷം) സർഗ്ഗോത്സവത്തിൽ 5 പോയിന്റും ട്രോഫിയും നൽകുന്നതാണ്. അതോടൊപ്പം തന്നെ ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന ഇടവകയ്ക്കും പ്രത്യേക ട്രോഫി നൽകുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

വിശ്വാസപരിശീലന ശുശ്രൂഷയിൽ 25, 50 എന്നീ വർഷങ്ങൾ പൂർത്തിയാക്കിയവരും മുമ്പ് ആദരവ് ലഭിക്കാത്ത അധ്യാപകരുടെ ലിസ്റ്റ് അതാത് ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് സെക്രട്ടറിമാർ അതിരൂപതാ കാര്യാലയത്തിൽ അടിയന്തിര പ്രാധാന്യത്തോടെ എത്തിക്കേണ്ടതാണ്. അങ്ങനെയുള്ളവരെ ഡിസംബറിൽ നടക്കുന്ന അധ്യാപക സംഗമത്തിൽ ആദരിക്കുന്നതാണ്.

## അമ്മയോടൊപ്പം

പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാളിനോടനുബ ന്ധിച്ച് യുവജനങ്ങളെ മാതാവിന്റെ മധ്യസ്ഥതയിൽ കൂടുതൽ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുവാനായി അതാത് ദിവസത്തെ വേദ ഭാഗവായനയെ ആസ്പദമാക്കി 2018 സെപ്റ്റംബർ 1-8 വരെ ഒരു വിചിന്തനം യുവജനങ്ങളിൽ എത്തിച്ചു. വൈദിക ജില്ലാ വികാരി മാരും മേജർ അതിഭദ്രാസന വികാരി ജനറലും നൽകിയ ദിവസേ നയുള്ള വിചിന്തനം സാമൂഹ്യമാധ്യമങ്ങളിലൂടെ യുവജനങ്ങൾക്ക് എത്തിച്ചു.

## ജീവനം

ദുരിതമേഖലാ പ്രദേശങ്ങളിലെ നിർദ്ധനരായ 100 കുടുംബ ങ്ങളെ ഒരു വർഷത്തേക്ക് തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.വൈ.എം. ഏറ്റെടുത്ത്, മാസം 2500/- രൂപ വീതം ഒരു കുടുംബത്തിന് നൽകുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്ന **ജീവനം** പദ്ധതി ഉദ്ഘാടനം 2018 സെപ്റ്റംബർ 9-ാം തീയതി ആയൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലി ക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. വൈദികജില്ലാ വികാ രിമാർ, എം.സി.വൈ.എം. ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവരുടെ സാന്നിധ്യവും പ്രസ്തുത ചടങ്ങിൽ ഉണ്ടായിരുന്നു. അന്നേദിവസം ജീവനം പദ്ധതിയിൽ പങ്കാളികളായ പ്രിയപ്പെട്ട വർ ആദ്യമാസത്തെ വിഹിതം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്ക് നൽകി.

## വുൾഗാത്ത

മേജർ അതിഭദ്രാസനതല ക്വിസ് മത്സരം വുൾഗാത്ത 2018 സെപ്റ്റംബർ 16-ാം തീയതി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 9 വൈദികജില്ലകളിൽ നിന്നുള്ള ടീമുകൾ മത്സ രിച്ച ക്വിസിൽ കൊട്ടാരക്കര വൈദിക ജില്ലയിലെ വടകോട് യൂണിറ്റ് ഒന്നാം സ്ഥാനവും, തിരുവനന്തപുരം വൈദികജില്ലയിലെ കല്ലയം യൂണിറ്റ് രണ്ടാം സ്ഥാനവും, അഞ്ചൽ വൈദികജില്ലയിലെ അഞ്ചൽ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# ഏകദിന സെമിനാറും അർദ്ധവാർഷിക അസംബ്ലിയും

എം.സി.എ. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള ഏകദിന സെമിനാറും, അർദ്ധവാർഷിക അസംബ്ളിയും 15-09-2018 ശനിയാഴ്ച രാവിലെ 10 മണിക്ക് അഞ്ചൽ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ചു നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ക്രിസ്തുദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന് അഞ്ചൽ വൈദികജില്ലാ വികാരി ഫാ. ബോവസ് മാത്യു മേലൂട്ട് സ്വാഗതം ആശംസിച്ചു. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത് ഉദ്ഘാടനം ചെയ്തു. അഞ്ചൽ വൈദികജില്ലാ ഡയറക്ടർ റവ. ഫാ. ജോൺ കാരവിള ആശംസകൾ അർപ്പിച്ചു. മേജർ അതിഭദ്രാസന ഭാരവാഹികൾ സന്നിഹിതരായിരുന്നു.

## ഏകദിനസെമിനാർ

അർദ്ധവാർഷിക അസംബ്ളിയോടനുബന്ധിച്ച് നടത്തിയ ഏകദിന സെമിനാറിൽ മേജർ അതിഭദ്രാസന ചാൻസിലർ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ ക്ലാസ്സ് നയിച്ചു. പുനരൈക്യം, കാനോനിക നിയമങ്ങൾ തുടങ്ങിയവയെക്കുറിച്ച് അതിവിശാലമായ ക്ലാസ് എ.സി.എ. അംഗങ്ങൾക്ക് വളരെ പ്രയോജനമായിരുന്നു. ബഹു. അച്ചന് അതിഭദ്രാസന സമിതിയുടെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## അർദ്ധവാർഷിക അസംബ്ലി

അതിഭദ്രാസന അർദ്ധവാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീമതി ജെസ്സി ദിലീപ് അവതരിപ്പിച്ചു. കണക്ക് ട്രഷറർ ശ്രീ. റജിമോൻ വർഗ്ഗീസ് അവതരിപ്പിച്ചു.

# മാനേജിംഗ് കമ്മിറ്റി

**അഞ്ചൽവച്ച് കൂടിയ മാനേജിംഗ് കമ്മിറ്റി തീരുമാനങ്ങൾ**

1. ഒക്ടോബറിൽ നടക്കുന്ന ശാന്തിയാത്രയിൽ എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.
2. നവംബറിൽ യൂണിറ്റ് തെരഞ്ഞെടുപ്പ്, ഡിസംബറിൽ ജില്ലാ തെരഞ്ഞെടുപ്പ്, ജനുവരിയിൽ അതിഭദ്രാസന തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

## അംഗത്വ സമാഹരണം

തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലേയും അംഗത്വം പുതുക്കേണ്ടതാണ്. ലിസ്റ്റിൽ പേരുള്ളവർക്കു മാത്രമേ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അവകാശമുള്ളൂ.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2018 ഒക്ടോബർ 12, 13, 14 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2018 നവംബർ 9, 10, 11 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ തുടർച്ചയായി സെപ്തംബർ ഒന്നാം തീയതി ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ നേതൃത്വത്തിൽ തിരുവല്ല തിരുമൂലപുരം എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ശ്രീ. ബൈജു ആർ. ഈ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിച്ചു. അതോടൊപ്പം അപ്പർ കുട്ടനാട്ടിലും, പരുമലയിലും ഭക്ഷ്യവസ്തുക്കൾ, സാനിട്ടറി ഐറ്റംസ്, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ മുതലായവ വിതരണം ചെയ്തു.

## SAFP റീജണൽ മീറ്റിംഗ്

SAFP പോത്തൻകോട് റീജിയൺ മീറ്റിംഗ് സെപ്റ്റംബർ ഒന്നാം തീയതി പോത്തൻകോട് എൽ.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. തദവസരത്തിൽ ശ്രീ. അഭിലാഷ് പാലിയേറ്റീവ് കെയറിനെ സംബന്ധിച്ച് ക്ലാസ് നയിച്ചു.

## DDU - GKY ജോബ് ഫെയർ

പരിശീലനം പൂർത്തിയാക്കിയ DDU - GKY ഉദ്യോഗാർത്ഥികൾക്ക് വേണ്ടി താഴെ പറയുന്ന തീയതികളിൽ ജോബ് ഫെയർ സംഘടിപ്പിച്ചു. 01/09/2018 ൽ One Shoppy ൽ 30 പേർക്കും, Zen aspiration ൽ 20 പേർക്കും , 25/09/2018 Urekha fobs ൽ 10 പേർക്കും ജോലി ലഭിച്ചു.

## അവലോകന മീറ്റിംഗ്

DDU - GKY ട്രെയിനേഴ്സിന്റെ ബന്ധപ്പെട്ട സ്റ്റാഫ് അംഗങ്ങളുടെ അവലോകന മീറ്റിംഗ് സെപ്തംബർ 3-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു. റവ. ഫാ. തോമസ് മുകളുംപുറത്ത് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളും തീരുമാനങ്ങളും എടുത്തു.

## SAFP FFT മീറ്റിംഗ്

സേവ് എ ഫാമിലി പ്രോഗ്രാം FFT മീറ്റിംഗ് സെപ്തംബർ 7-ാം തീയതി സ്രോതസ്സിൽ വച്ചു നടത്തി. FFT യുടെ എല്ലാ അംഗ ങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. ധനസഹായമായി 5,72,000/- രൂപ അഞ്ചൽ, പോത്തൻകോട്, നെടുമങ്ങാട് എന്നീ റീജണിലെ 47 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു.

## DDU - GKY രക്ഷാകർത്തൃ യോഗം

DDU - GKY രക്ഷാകർത്തൃ യോഗം 07/09/2018-ൽ പഠനം പൂർത്തിയാക്കിയ കമ്പ്യൂട്ടർ ടാലി 3 ബാച്ചുകളുടെ രക്ഷാകർത്തൃ യോഗം എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു.

## PFMS പരിശീലന പരിപാടി

10/09/2018 ൽ കുടുംബശ്രീ സംസ്ഥാന മിഷൻ സംഘടി പ്പിച്ച പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പരിശീലന പരിപാടിയിൽ എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് ശ്രീ. ബൈജു ആർ., ശ്രീ. സിജോ വി. എസ്. എന്നിവർ പങ്കെടുത്തു.

## ഉദ്യോഗനിയമന പരിശീലന പരിപാടി

സെപ്തംബർ 14-ാം തീയതി കുടുംബശ്രീ മിഷന്റെ നേതൃ ത്വത്തിൽ വിവിധ DDU- GKY ഏജൻസികളുടെ പ്ലേസ്മെന്റ് ഉദ്യോ ഗസ്ഥരുടെ പരിശീലന പരിപാടി സ്രോതസ്സിൽ വച്ചു സംഘടി പ്പിക്കുകയുണ്ടായി. എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്ന് ശ്രീ. ഡിജു ഡാനിയേൽ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

## DDU- GKY പൂർവ്വവിദ്യാർത്ഥി സംഗമം

സെപ്തംബർ 22-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു പരിശീലനം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം സംഘടിപ്പിച്ചു. 120 പേർക്ക് ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു.

## പാറശ്ശാല രൂപത – മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി മീറ്റിംഗ്

സെപ്തംബർ 22-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, കോർഡിനേറ്റർ ശ്രീ. ജോർജ് ഡാനിയേൽ, ശ്രീ. ബൈജു ആർ. എന്നിവർ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനെ സന്ദർശിച്ചു. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പാറശ്ശാല ഭദ്രാസനത്തിന് കൈമാറ്റം ചെയ്യപ്പെടേണ്ട പദ്ധതികളെ സംബന്ധിച്ച് ചർച്ച നടത്തി.

## ഡയറക്ടേഴ്സ് മീറ്റിംഗ്

എസ്.എൽ.എഫ്. പദ്ധതിയുമായി ബന്ധപ്പെട്ട ഹൈദരാബാദിൽ വച്ചു 27, 28 തീയതികളിൽ നടക്കുന്ന ഡയറക്ടേസ് മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## സ്റ്റാഫ് മീറ്റിംഗ്

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ചു പരിപാടിയ്ക്കുള്ള മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു.

## സെൻസ് – രക്ഷാകർത്തൃ യോഗം

സെൻസ് ഇന്റർനാഷണൽ ഇന്ത്യയുടെ നേതൃത്വത്തിൽ ബധിരാന്ധതയുടെ പ്രോജക്ടിൽ ഉൾപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കളുടെ മീറ്റിംഗ് 28/09/2018-ൽ കന്യാകുമാരി ജില്ലയിലെ കിരാത്തൂർ സെന്ററിൽ വച്ചും, 29/09/2018-ൽ തിരുവനന്തപുരം ജില്ലയിലെ എം.എസ്സ്.എസ്സ്.എസ്സ്.-ലും വച്ചു നടന്നു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 47 കുടുംബങ്ങൾക്ക് 5,72,000 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 48,000 രുപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 15,000 രൂപയും നൽകി.

# ആദരാഞ്ജലികൾ

## റവ. ഫാ. ഡാനിയേൽ മംഗലത്ത്



മലങ്കര മേജർ സെമിനാരിയുടെ മുൻ റെക്ടറും മാവേലിക്കര ഭദ്രാസനാംഗവുമായ **റവ. ഫാ. ഡാനിയേൽ മംഗലത്ത്** 2018 സെപ്റ്റംബർ 3-ന് നിര്യാതനായി. ശവസംസ്കാരം 2018 സെപ്റ്റംബർ 5-ന് പാറക്കൂട്ടം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഭവനത്തിലെത്തി പ്രാർത്ഥന നടത്തി. ശവസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. ദീർഘകാലം മലങ്കര മേജർ സെമിനാരിയിലെയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും പ്രൊഫസറായി സേവനമനുഷ്ഠിച്ചു.

## റവ. ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി.

ബഥനി സന്ന്യാസസമൂഹാംഗം **റവ. ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി.** 2018 സെപ്റ്റംബർ 9-ന് നിര്യാതനായി. ശവസംസ്കാരം 2018 സെപ്റ്റംബർ 11-ന് തിരുവല്ല ബഥനി ആശ്രമത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ശവസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, എബ്രഹാം മാർ യൂലിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, സാമുവൽ മാർ ഐറേനിയോസ്, മലങ്കര ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ബാഹ്യകേരള മിഷൻ കോർഡിനേറ്ററായി ദീർഘകാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.



**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## റവ. സി. ഹാദുസാ എസ്.ഐ.സി.



ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം തിരുവനന്തപുരം പ്രൊവിൻസിലെ അംഗമായ **റവ. സി. ഹാദുസാ എസ്.ഐ.സി. (89)** 2018 സെപ്റ്റംബർ 3-ന് നിര്യാതയായി. ചേന്നങ്കരി കാക്കനാട്ട് കുടുംബബാംഗംമാണ്. നങ്ങ്യാർകുളം, കലയപുരം, നാലാഞ്ചിറ എന്നീ മഠങ്ങളിൽ സേവന മനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് ഗൊരേറ്റി സ്കൂളിൽ ഹെഡ്മിസ്ട്രസായും സേവനമനുഷ്ഠിച്ചു. ശവ സംസ്ക്കാര ശുശ്രൂഷകൾ 2018 സെപ്റ്റംബർ 5-ന് ബഥനി മഠം ചാപ്പ ലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോ ലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

## റവ. സി. അക്ഷയ എസ്.ഐ.സി.



ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം തിരുവന ന്തപുരം പ്രൊവിൻസിലെ അംഗമായ **റവ. സി. അക്ഷയ എസ്.ഐ.സി.** (66) 2018 സെപ്റ്റംബർ 5-ന് നിര്യാതയായി. മുഖത്തല ചരുവിള മേട യിൽ വീട് കുടുംബാംഗമാണ്. മദ്രാസ്, നാലാഞ്ചിറ, കായംകുളം, നങ്ങ്യാർകുളം, ചെങ്ങന്നൂർ, ഇളമാട്, കല്ലുമല, കലയപുരം, കുണ്ടറ, കുറവൻകോണം, വെൺമണി, കുളത്താമ്മൽ എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുപ്പീരിയറായും അധ്യാപികയായും ശുശ്രൂഷ ചെയ്തു. ശവ സംസ്ക്കാര ശുശ്രൂഷ കൾ 2018 സെപ്റ്റംബർ 7-ന് ബഥനി മഠം ചാപ്പലിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ മുഖ്യകാർമ്മിക ത്വത്തിൽ നടന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## ഇടയനാളാഗമം
### സെപ്റ്റംബർ 2018
### (പ്രധാന പരിപാടികൾ)

**സെപ്റ്റംബർ 2**

രാവിലെ 8.30-ന് കാട്ടായിക്കോണം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

ഉച്ചക്ക് 12.00-ന് ഊരകം സെന്റ് തോമസ് ഇടവകയിലെ ഉപദേശി ബ്രദർ രാജേന്ദ്രന്റെ സഹധർമ്മിണിയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 3.30-ന് നെടുമങ്ങാട് വൈദികജില്ലയിലെ പുനർനിർമ്മിച്ച കഴക്കുന്നം ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു.

**സെപ്റ്റംബർ 3**

രാവിലെ 10.00-ന് മാർ ഈവാനിയോസ് കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ പങ്കെടുത്തു.

**സെപ്റ്റംബർ 5**

രാവിലെ 11.30-ന് സി. ഹാദുസാ എസ്.ഐ.സി. യുടെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 5.00-ന് മലങ്കര മേജർ സെമിനാരിയുടെ മുൻ റെക്ടർ നിര്യാതനായ റവ. ഡോ. ഡാനിയേൽ മംഗലത്തിന്റെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**സെപ്റ്റംബർ 6-7**

ദുബായിൽ നടന്ന മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് സംഗമത്തിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 8**

മലങ്കര മാർത്തോമ്മാ സഭയുടെ തിരുവനന്തപുരം ഭദ്രാസ നാധിപൻ അഭിവന്ദ്യ ജോസഫ് മാർ ബർണ്ണബാസ് തിരുമേനി യുടെ സപ്തതി ആഘോഷത്തിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 9**

രാവിലെ 9.00-ന് അഞ്ചൽ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.00-ന് ആനക്കുളം മലങ്കര സുറിയാനി കത്തോ ലിക്കാ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം 3.00-ന് തിങ്കൾകരിക്കം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

**സെപ്റ്റംബർ 10**

രാവിലെ 11.00-ന് പാളയം സെന്റ് മേരീസ് ബസിലിക്കയിൽ കുന്നിൽ എബി കെ. ബാബുവിന്റെയും ബെൻസി മേരി ബാബു വിന്റെയും മകളുടെ വിവാഹം ആശീർവദിച്ചു.

വൈകിട്ട് 3.30-ന് അടൂർ-ഏഴംകുളത്ത് പുതുതായി നിർമ്മിച്ച അംഗൻവാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

വൈകിട്ട് 8.00-ന് മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ റവ. ഫാ. ജോൺ സി.സി. യെ അരമനയിൽ വച്ച് ആദരിച്ചു.

**സെപ്റ്റംബർ 11**

ഉച്ചകഴിഞ്ഞ് 2.30-ന് തിരുവല്ല ബഥനി ആശ്രമത്തിൽ റവ. ഡോ. ബെർക്കുമാൻസ് ഒ.ഐ.സി. യുടെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 14**

കോട്ടയം സീരിയിൽ വച്ച് നടന്ന ആഗോള സുറിയാനി സമ്മേളനത്തിൽ സംബന്ധിച്ച് ആശംസാപ്രസംഗം നടത്തി.

**സെപ്റ്റംബർ 15**

രാവിലെ 8.30-ന് പാളയം സെന്റ് മേരീസ് ബസിലിക്കയിൽ വച്ച് പുളിമൂട്ടിൽ റജിയുടെയും സോഫിയുടെയും മകൾക്ക് മാമോദീസാ നൽകി.

ഉച്ചകഴിഞ്ഞ് 3.30-ന് പട്ടം കത്തീഡ്രലിൽ വച്ച് പേഴുംമൂട്ടിൽ ദീപ്തി തോമസിന്റെയും ബിനുവിന്റെയും മകൾക്ക് മാമ്മോദീസാ നൽകി.

**സെപ്റ്റംബർ 16**

രാവിലെ 9.00-ന് കുളത്തൂപ്പുഴ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**സെപ്റ്റംബർ 17**

രാവിലെ 10.00-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപം പുതുതായി നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച് മുഖ്യസന്ദേശം നൽകി.

11.00 മണിക്ക് പട്ടം കത്തീഡ്രലിൽ വച്ച് വിപിന്റെയും വിജിയുടെയും മകൾക്ക് മാമ്മോദീസാ നൽകി.

വൈകിട്ട് 4.00-ന് കളിയിക്കാവിളയിൽ ഡി.എം. സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സന്ദേശം നൽകി.

**സെപ്റ്റംബർ 19**

ഉച്ചകഴിഞ്ഞ് 2.00-ന് റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി. യുടെ വത്സലപിതാവിന്റെ നിര്യാണത്തിൽ ചന്ദനപ്പള്ളിയിലുള്ള ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

വൈകിട്ട് 6.00-ന് നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര സെമിനാരിയിൽ നടന്ന ലബനോൻ ക്വയറിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

**സെപ്റ്റംബർ 20**

88-ാം പുനരൈക്യവാർഷികത്തിൽ രാവിലെ 6.30-ന് പട്ടം കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി കാതോലിക്കാ പതാക ഉയർത്തി.

**സെപ്റ്റംബർ 21**

മൂവാറ്റുപുഴ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**സെപ്റ്റംബർ 22**

രാവിലെ 11.00 മണിക്ക് ആയൂർ ദൈവാലയത്തിൽ വച്ച് ബിബിന്റെയും ടീനയുടെയും വിവാഹം ആശീർവദിച്ചു.

വൈകിട്ട് 3.00 മണിക്ക് പെരുന്നാട്ടിൽ പുതുതായി നിർമ്മിച്ച 'ദീപഗിരി' ബഥനി ആശ്രമത്തിന്റെ കൂദാശ നിർവ്വഹിച്ചു.

ബഥനി ശതാബ്ദി ആഘോഷത്തിന്റെ ലോഗോ പ്രകാശനം നിർവ്വഹിച്ചു.

**സെപ്റ്റംബർ 23**

രാവിലെ 8.00 മണിക്ക് അടൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**സെപ്റ്റംബർ 24**

രാവിലെ 9.00 മണിക്ക് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ യുവജന ധ്യാനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

വൈകിട്ട് 5.00 മണിക്ക് കൊച്ചി പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

**സെപ്റ്റംബർ 26–28**

ബാംഗ്ലൂരിൽ സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

**സെപ്റ്റംബർ 29**

പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന തിരുവനന്തപുരം വൈദികജില്ലാ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകുന്നേരം 5.00–ന് കഴക്കൂട്ടം വൈദികജില്ലയിലെ വേങ്ങോട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തോട് ചേർന്ന് നിർമ്മിച്ച വൈദികമന്ദിരം കൂദാശ ചെയ്തു.

# ജന്മദിനാശംസകൾ

## ഒക്ടോബർ

02 - റവ. ഫാ. ഡാനിയേൽ കുളങ്ങര
04 - റവ. ഫാ. ജേക്കബ് കളിയന്താനം
- റവ. ഫാ. ജോഷ്വാ പാറയിൽ
05 - റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്
10 - റവ. ഫാ. സാമുവേൽ തോപ്പിൽ
13 - റവ. ഫാ. സാം റ്റി. ജോൺ തടത്തിൽ
21 - റവ. ഫാ. എബ്രഹാം ജോസഫ് കന്നിലേത്ത്
25 - റവ. ഫാ. ജോൺ വിളയിൽ

# പ്രാർത്ഥനയിൽ ഓർക്കാം

## ഒക്ടോബർ

01 - റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
09 - റവ. ഫാ. പത്രോസ് കീപ്പള്ളിൽ
- റവ. ഫാ. ഡാനിയേൽ പുത്തൻപുരയിൽ
10 - റവ. ഫാ. വർഗ്ഗീസ് കന്നിമേൽ
- റവ. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
- റവ. ഫാ. ഡാനിയേൽ അയ്യനേത്ത്
15 - റവ. ഫാ. പത്രോസ് കിഴക്കേവീട്ടിൽ
- റവ. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
23 - റവ. ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ
- റവ. ഫാ. മാത്യു തേക്കുംകാട്ടിൽ
26 - റവ. ഫാ. ചാക്കോ മുണ്ടപ്പള്ളി
- റവ. ഫാ. ഗീവർഗ്ഗീസ് തടത്തിൽ
30 - റവ. ഫാ. തോമസ് പാലത്തുംതലക്കൽ

# സ്മരണീയ ദിനങ്ങൾ

## 2018 ഒക്ടോബർ

| | | |
|---|---|---|
| 1 | തിങ്കൾ | **വി. കൊച്ചുത്രേസ്യാ** |
| 2 | ചൊവ്വ | കാവൽ മാലാഖമാർ |
| 3 | ബുധൻ | അരിയോപാഗസിലെ മാർ ദിവന്നാസിയോസ് |
| 4 | വ്യാഴം | വി. ഫ്രാൻസിസ് അസീസ്സി<br>മാർ ദുമാത്തിയോസ് |
| 5 | വെള്ളി | വി. ഫൗസ്റ്റിന |
| 7 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ**<br>**മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം**<br>മാർ സർഗീസും മാർ ബാക്കോസും<br>ജപമാലത്തിരുനാൾ |
| 9 | ചൊവ്വ | ഗോത്രപിതാവായ അബ്രഹാം |
| 10 | ബുധൻ | **അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മ (1994)**<br>ദാനിയേൽ നിബിയാ |
| 11 | വ്യാഴം | മാർ പീലിപ്പോസ് ശെമ്മാശൻ<br>വി. ജോൺ 23-ാം മാർപാപ്പാ |
| 13 | ശനി | മാർ കാർപ്പോസ് |
| 14 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ** |
| 15 | തിങ്കൾ | ആവിലായിലെ വി. അമ്മത്രേസ്യാ |
| 17 | ബുധൻ | സുവിശേഷകനായ വി. ലൂക്കോസ് |
| 20 | ശനി | ജോയേൽ നിബിയ |
| 21 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ**<br>**മിഷൻ ഞായർ** |
| 22 | തിങ്കൾ | മാർ ഹിലാരിയോൻ<br>വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ |
| 23 | ചൊവ്വ | **ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ** |
| 28 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം ഏഴാം ഞായർ**<br>**ബത്തേരി ഭദ്രാസന സ്ഥാപന ദിനം (1978)** |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ഒക്ടോബർ 2018

| | | |
|---|---|---|
| 1 | 10.00 am | പട്ടം സെന്റ് മേരീസ് സ്കൂൾ |
| 2-28 | | സിനഡ്, റോം |
| 29- Nov. 2 | | വൈദികധ്യാനം, പാലാ |

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2018

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

**"യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ" (ഫിലി 2:5)**

ക്രിസ്തുവിൽ പ്രിയമുള്ള യുവജനസുഹൃത്തുക്കളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2018 ഒക്ടോബർ 7-ാം തീയതി യുവജനദിനമായി ആചരിക്കുകയാണ്. പതിവുപോലെ, അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുന്നാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാകുന്നു ഈ ദിനം. ഈ സന്തോഷദിനത്തിൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കേവർക്കും ഞാൻ ആശംസകൾ നേരുകയും ചെയ്യുന്നു. യുവജനങ്ങളെ ആത്മാർത്ഥമായി പരിചരിക്കുന്ന, അവരോടൊപ്പം താൽപര്യപൂർവം ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും, അല്മായ സഹോദരങ്ങൾക്കും പ്രത്യേകമാംവിധം എന്റെ ആശംസകൾ അറിയിക്കുന്നു. യേശുവിനോടും അവന്റെ സഭയോടും വ്യക്തിപരമായ ബന്ധത്തിൽ വളരുവാനും, യുവജനങ്ങളെ കൂടുതൽ സഹായിക്കുവാനും, സഹയാത്രികരാകുവാനും, തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനുമായി യുവജന ആനിമേറ്റേഴ്സിനെയും ശുശ്രൂഷകരേയും ഞാൻ ആഹ്വാനം ചെയ്യുന്നു.

പ്രിയ യുവസ്നേഹിതരേ,

തദ്ദേശീയ സഭയുടെയും സാർവത്രിക സഭയുടെയും പ്രാർത്ഥന യുടെയും പരിചിന്തനത്തിന്റെയും സവിശേഷമായ ശ്രദ്ധ പതിയു ന്നത് യുവജനങ്ങളിലേക്കാണ്. അതിനാൽ, 2018 ഒക്ടോബറിൽ റോമിൽ നടക്കുന്ന സാധാരണ സുന്നഹദോസിന്റെയും, 2019-ൽ പനാമയിൽ നടക്കുന്ന ലോക യുവജനദിനത്തിന്റെയും, എം.സി. വൈ.എം.ന്റെ ജൂബിലി വർഷത്തിന്റെയും, നമ്മുടെ സഭയിൽ പ്രഖ്യാ പിച്ച യുവജനവർഷത്തിന്റെയും, എല്ലാ കണ്ണുകളും കാതുകളും യുവജനങ്ങളിലേക്കാണ് തിരിഞ്ഞിരിക്കുന്നത്. അതിനു കാരണം, സഭയ്ക്കും സമൂഹത്തിനുമുള്ള ദൈവത്തിന്റെ വിലപ്പെട്ട സമ്മാന മായിട്ടാണ് സഭ നിങ്ങളെ കാണുന്നത്. തങ്ങളുടെതായ പ്രതീക്ഷ കളോടും സ്വപ്നങ്ങളോടും, സംശയങ്ങളോടും ഭയത്തോടും, ആകു ലതകളോടും ചോദ്യങ്ങളോടുമൊപ്പം നമ്മുടെ പ്രത്യാശകളെ മുന്നോട്ടുകൊണ്ടുപോകുന്ന യുവജനങ്ങളെ ശ്രവിക്കുന്നതിൽ സഭ അങ്ങേയറ്റം ശ്രദ്ധാലുവാണെന്ന വസ്തുത ഈ സംഭവങ്ങളോ രോന്നും വ്യക്തമാക്കിതരുന്നു.

**1. മുന്നോട്ടുള്ള പ്രയാണത്തിനായി ഒരു തിരിഞ്ഞുനോട്ടം.**

ഇന്നിന്റെ വെല്ലുവിളികൾക്കുമദ്ധ്യേ മുന്നേറാനും, എം.സി. വൈ.എം. സഞ്ചരിച്ച വഴികളെ പിന്തിരിഞ്ഞ് നോക്കാനും, ഈ വർഷം നാം ആചരിക്കുന്ന യുവജനദിനം നമ്മോട് ആഹ്വാനം ചെയ്യുന്നു. ഒന്നാമതായി കർത്താവ് നമുക്ക് നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാനുള്ള അവസരമാണിത്. രണ്ടാമത്, യുവജനങ്ങളുടെ വളർച്ചയ്ക്കായി വാക്കാലും പ്രവർത്തിയാലും സംഭാവനകൾ നൽകിയ എല്ലാവരെയും ഓർമിക്കുവാനുള്ള അവസരം കൂടിയാണ്. മൂന്നാമതായി, കഴിഞ്ഞകാലങ്ങളിലേക്ക് നോക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രതിബന്ധങ്ങളുടെയും വിജയത്തിന്റെയും കഥകൾ സ്മരിക്കുവാനുമുള്ള സമയമാണ് ഈ ജൂബിലി. നാലാമ തായി ഈ പ്രസ്ഥാനത്തിന്റെ പ്രാരംഭ ഘട്ടത്തിലുണ്ടായിരുന്ന

തീക്ഷ്ണതയിലേക്ക് നമ്മെ തിരികെയെത്തിക്കുന്നതിനുള്ള ഒരു അവസരമാണ്. അവസാനമായി, ഭാവിദർശനത്തിനും സംഘടന യുടെ ദൗത്യവും മുൻഗണനകളും കൂടുതൽ വ്യക്തമാക്കാനുമുള്ള ഒരു അവസരം കൂടിയാണ്.

സഭയുടെ യുവജനപ്രസ്ഥാനത്തിലൂടെ പരിശുദ്ധാത്മ ശ്രവണ ത്തിനായി ഒത്തുകൂടുന്നതിനും, പ്രാർത്ഥിക്കുന്നതിനും, പരിചിന്തനം ചെയ്യുന്നതിനും, ചർച്ച ചെയ്യുന്നതിനും, തീരുമാനങ്ങൾ കൈക്കൊ ള്ളുന്നതിനും യുവജനങ്ങൾക്ക് സാധിക്കുന്നു. പരി. ഫ്രാൻസിസ് മാർപാപ്പ പറയുന്നു: "നിങ്ങൾ യുവജനങ്ങൾ കഴിഞ്ഞകാലത്തിന്റെ ഓർമകളിൽ ആഹ്ലാദിക്കുമാത്രമല്ല, മറിച്ച് വർത്തമാനകാലത്തിൽ ധൈര്യത്തോടും ഭാവിയിലുള്ള പ്രത്യാശയോടുംകൂടി മുന്നേറണം" **(ലോക യുവജനദിന സന്ദേശം 2018)**. കൃതജ്ഞതയോടുകൂടി കഴിഞ്ഞകാലത്തിലേക്ക് നോക്കുവാനും അത്യുത്സാഹത്തോടെ വർത്തമാനകാലത്തിൽ ജീവിക്കുവാനും പ്രത്യാശയോടെ ഭാവി യിലേക്ക് മുന്നേറാനും പരി. പിതാവിന്റെ ഈ സന്ദേശം നമ്മെ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ ഭാവിജീവിതം കെട്ടിപടുക്കുന്ന തിന് നിലനിൽപ്പിന്റെ ഈ വീക്ഷണം നമ്മെ സഹായിക്കും.

**2. നീതിപൂർവകമായ പ്രവർത്തികളെയും ശുശ്രൂഷകളെയും ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്യുക.**

നമ്മുടെ സഭ, പ്രത്യേകിച്ച് കേരളത്തിൽ, വർഷകാലകെടുതി കളുടെ ദുരിതമനുഭവിക്കുന്ന ഈ പ്രത്യേക പശ്ചാതലത്തിൽ നമ്മുടെ പരിപാടികളെല്ലാം അതിനനുസൃതമായി നിജപ്പെടുത്തേ ണ്ടതുണ്ട്. ജനങ്ങളുടെ സഹായത്തിനുവേണ്ടിയുള്ള നിലവി ളിയ്ക്കും അപകട മുന്നറിയിപ്പുകൾക്കും ഉടനടി നിർവഹിച്ച ജാഗ്രതാ പ്രവർത്തനങ്ങൾക്കും എല്ലാ യുവജനങ്ങളെയും ആനി മേറ്റേഴ്സിനെയും, ഡയറക്ടേഴ്സിനെയും ഞാൻ അഭിനന്ദിക്കുന്നു. വിഷമത്തിലും പ്രയാസത്തിലും കഴിയുന്ന ഈ സഹോദരങ്ങളെ ആശ്വസിപ്പിക്കുന്നതോടൊപ്പം, ഭാവി സുരക്ഷിതമാക്കാനുള്ള പാഠ

ങ്ങൾ അതിൽനിന്ന് നാം ഉൾക്കൊള്ളുകയും വേണം. 'പൊതു ഭവനം' സംരക്ഷിക്കുക എന്നതായിരിക്കണം എല്ലായിടത്തും നമ്മുടെ ഉത്തരവാദിത്വം. സാങ്കേതികമികവും മറ്റ് വികസന പ്രവർത്തനങ്ങളും വ്യത്യസ്ഥതലങ്ങളിൽ മനുഷ്യരാശിക്ക് ഉണർവ് പ്രദാനം ചെയ്യുന്നതാണെങ്കിലും, പാർശ്വഫലങ്ങൾ കൂടാതെ അത് നിർവഹിക്കപ്പെടണം. സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ജീവിത രീതി ജനങ്ങളിൽ സൃഷ്ടിക്കുന്നത് തികച്ചും പരിരക്ഷയില്ലാത്തതും, ചുരുങ്ങിയ കാലത്തേക്ക് മാത്രമുള്ള ലാഭമോഹവും, വലിച്ചെറിയൽ സംസ്കാരവുമാണ്.

കർത്താവിന്റെ ആത്മാവിനാൽ പ്രചോദിതനായി പരി. ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളുമായി നടത്തുന്ന സംവാദങ്ങൾ കരുണയുടെയും, തുറവിയുടെയും, വിശാലതയുടെയും, സാഹോദര്യത്തിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. കരുണയുടെ ആൾരൂപമായതിനാലാണ് വി. മദർ തെരേസ ലോകമെങ്ങും സ്നേഹിക്കപ്പെടുന്നതും ആദരിക്കപ്പെടുന്നതും. നമ്മുടെ യുവജനപ്രസ്ഥാനവും, സഭയുടെ മറ്റ് സംവിധാനങ്ങളും കരുണയുടെ മരുപ്പച്ചയായി മാറ്റണമെന്നുള്ളതാണ് ഇപ്പോഴത്തെ നമ്മുടെ ഉത്തരവാദിത്വം. നമ്മുടെ സഹോദരങ്ങളോട് ചേർന്ന്നിന്നുകൊണ്ട് സത്യം, നീതി, ആത്മാർത്ഥത, മറ്റുള്ളവരെ സേവിക്കുക തുടങ്ങിയ സുവിശേഷ മൂല്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

നീതിയുടെ പ്രവർത്തികൾ പ്രശ്നങ്ങളുടെ കാരണങ്ങളെ വേരോടെ പിഴുതെറിയുമ്പോൾ സേവനപ്രവർത്തനങ്ങൾ ഇന്നിന്റെ പ്രതിസന്ധികളെ തരണംചെയ്യുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുന്നു. അതിനാൽ, നീതിയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നീതിയിലും ശുശ്രൂഷയിലും പദമൂന്നി നിൽക്കേണ്ട ആവശ്യമുണ്ട്. മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഇവ രണ്ടും ആവശ്യമാണ്. നേരിട്ടുള്ള ശുശ്രൂഷ നമ്മുടെ സാമൂ

ഹിക പ്രവർത്തനങ്ങളുടെ അവിഭാജ്യമായ ഘടകവും സഭാശുശ്രൂഷയുടെ വേർപെടുത്താനാവാത്ത ഭാഗവുമാണ്. ഇതിലൂടെ നമ്മുടെ യുവജനങ്ങൾക്ക് സാധാരണ മനുഷ്യന്റെ പ്രയാസങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് സാധിക്കുന്നു. അനുദിനജീവിതത്തിലുള്ള പ്രയാസങ്ങളെ വെല്ലുവിളിക്കുന്നതിന് ഇത്തരം അവസ്ഥകൾക്ക് സാധിക്കുന്നു. നേരിട്ടുള്ള സേവനത്തിന്റെ നേട്ടം ഒരു പൊതു സംരംഭത്തിൽ യുവജനങ്ങൾക്ക് ഒരുമിച്ചുകൂടുവാൻ സാധിക്കുന്നു എന്നുള്ളതാണ്. എപ്പോൾ നേരിട്ടുള്ള സേവനപ്രവർത്തനങ്ങൾ ചെയ്യുവാൻ യുവജനങ്ങൾ സന്നദ്ധരാകുന്നുവോ അപ്പോൾ അത് ഇതര വിശ്വാസി സമൂഹത്തിന് മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഉത്തേജനം പകരും. സാമ്പത്തികമായി സഹായം നൽകുന്നതിലുപരി രക്ഷാപ്രവർത്തനങ്ങൾ നേരിട്ടുള്ള ശുശ്രൂഷയായി പരിഗണിക്കപ്പെടുന്നു. പ്രളയത്തിനും ഉരുൾപൊട്ടലിനുംശേഷമുള്ള ക്യാമ്പുകളും, വീടുശുചീകരണ പ്രവർത്തനങ്ങളും നേരിട്ടുള്ള ശുശ്രൂഷകൾക്കുള്ള അവസരങ്ങളായിരുന്നു.

**3. ക്രിസ്തുവിന്റെ മനസും ഹൃദയവും ധരിയ്ക്കുക.**

യുവജനശുശ്രൂഷയുടെ ലക്ഷ്യങ്ങളിലൊന്ന് ഈ ലോകത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാരായി ജീവിക്കുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ്. ശിഷ്യത്വം എന്നതു പ്രഥമമായി ഒരു കൂട്ടം നിയമങ്ങളെ അനുഗമിക്കൽ അല്ല, മറിച്ച് യേശു എന്ന വ്യക്തിയെ അനുഗമിക്കുക എന്നതാണ്. യേശു എന്ന വ്യക്തിയെ നമ്മുടെ ജീവിത മാതൃകയാക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. "യേശുക്രിസ്തുവിന്റെ ഈ മനോഭാവം നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ" എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ സമർപ്പിത ശിഷ്യനാകുവാൻ ക്രിസ്തുവിന്റെ മനസും ഹൃദയവും നാം ധരിക്കണം. ക്രിസ്തുവിന്റെ പുണ്യങ്ങൾ സ്വീകരിച്ചുകൊണ്ട് നാം ക്രിസ്തുവിന്റെ ഹൃദയം ധരിക്കുന്നു. ഈ പുണ്യങ്ങൾ അഷ്ടസൗഭാഗ്യങ്ങളിൽ (മത്താ 5:1-12) വിശദീകരിക്കുന്നു.

യേശു ആത്മാവിൽ ദരിദ്രനും, ഹൃദയശുദ്ധിയുള്ളവനും, കരുണാ സമ്പന്നനും, നീതിയുടെ വക്താവും ആയിരുന്നു. ഈ ഹൃദയ ഭാവങ്ങളാണ് ദൈവരാജ്യത്തെ സവിശേഷമാക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങളെ നയിക്കുന്ന ഹൃദയത്തിന്റെ വ്യതിചലനങ്ങളും നമ്മുടെ ജീവിതത്തിലെ സാധാരണ സംഭവങ്ങളുമാണ് പുണ്യ ങ്ങൾ. ഉദാഹരണമായി ഔദാര്യമുള്ള മനുഷ്യൻ തനിക്കുള്ളത് സ്വാഭാവികമായി മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. സത്യസന്ധൻ എപ്പോഴും സത്യം മാത്രം പറയുന്നു. നാം ഓരോരുത്തരും ആത്മാ വിൽ ദരിദ്രരും, ഹൃദയശുദ്ധിയുള്ളവരും, കരുണാസമ്പന്നരും, നീതി യുടെ വക്താക്കളും ആയിരിക്കണം. കൊലപാതകത്തിലോ, വ്യഭി ചാരത്തിലോ, നുണയിലോ, പ്രതികാരത്തിലോ അല്ല മറിച്ച്, ഈ പ്രവർത്തികളിലേക്ക് നയിക്കുന്ന കോപം, അസൂയ, ആത്മാർത്ഥ തയില്ലായ്മ, ഹൃദയത്തിലെ വൈരാഗ്യബുദ്ധി എന്നിവയിലാണ് നമ്മുടെ കർത്താവ് ശ്രദ്ധിച്ചത്. യേശുവിന്റെ ജീവിതവുമായി അനു രൂപപ്പെടുത്തുന്ന നമ്മുടെ സ്വഭാവത്തെ രൂപീകരിക്കരിക്കുവാനാണ് ഒരു സമർപ്പിത ശിഷ്യൻ എന്ന നിലയിൽ യുവജനങ്ങൾ വിളിക്ക പ്പെട്ടിരിക്കുന്നത്.

**4. യുവജനങ്ങളോടൊപ്പം നടക്കുക.**

ഭാവി തലമുറയെ യഥാർത്ഥമായി രൂപീകരിക്കുന്ന യുവജന ആനിമേറ്റേഴ്സും മുതിർന്നവരും യുവജനങ്ങളോടൊപ്പം അനു യാത്ര ചെയ്യണം. യുവജനങ്ങളുമായി അനുയാത്ര ചെയ്യുന്നതിന് മുൻധാരണകൾക്ക് അതീതമായ ചട്ടക്കൂടിൽ പോകുകയും, യുവ ജനങ്ങൾ ആയിരിക്കുന്നിടങ്ങളിൽ അവരുമായി കൂടികാഴ്ച നടത്തുകയും, അവരുടെ സമയത്തെയും ജീവിതതലങ്ങളെയും സ്വീകരിക്കുകയും, അവരെ ഗൗരവപൂർവം പരിഗണിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. യുവജനങ്ങളുമായി അനുയാത്ര ചെയ്യുന്നതുവഴി ഒരു ആകമാന ക്രിസ്തീയ സമൂഹത്തെയാണ് കെട്ടിപ്പടുക്കുന്നത്. ഈ ശൈലിയാണ് യേശുവിന്റേതും. അവി

ടുന്ന് അനുദിന ജീവിതവഴികളിലൂടെ സഞ്ചരിച്ചു, കരുണയോടെ ആളുകളെ വീക്ഷിച്ചു, പിതാവായ ദൈവത്തിന്റെ സ്നേഹം പങ്കുവച്ചു. ഈ പ്രവർത്തനശൈലി യുവജന പരിശീലകർ സ്വായത്തമാക്കണം. അനുദിന ജീവിതം യുവതലമുറയ്ക്ക് അനേകം വെല്ലുവിളികൾ നൽകുന്നു. ഇന്ന് യുവതലമുറയുടെ ഭാഷ മനസിലാക്കുന്നതിനുപോലും മുതിർന്നവർക്ക് കഴിയുന്നില്ല. യുവജനങ്ങളെ വ്യക്തിപരമായി അനുധാവനം ചെയ്യുന്നതിന്റെ പ്രാധാന്യം ഊന്നിപറഞ്ഞുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ യുവജന സുന്നഹദോസിനൊരുക്കമായി തയ്യാറാക്കിയ രേഖയിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. സമകാലികരായ ജനങ്ങളോടൊപ്പമുള്ള യേശുവിന്റെ കണ്ടുമുട്ടലുകളിൽ പ്രതിഫലിക്കുന്ന ചില കാര്യങ്ങൾ അടയാളപ്പെടുത്തുന്നത് യുവജനങ്ങളെ അനുയാത്ര ചെയ്യുന്ന ഒരു വ്യക്തിക്കുണ്ടായിരിക്കേണ്ട യഥാർത്ഥ ജീവിതഗുണങ്ങളിലേക്കാണ്: സ്നേഹമസൃണമായ നോട്ടം (ആദ്യ ശിഷ്യന്മാരെ വിളിക്കുന്നു, യോഹ 1:35-51). ആധികാരികമായ വാക്ക് (കഫർണാമിലെ സിനഗോഗിൽ പഠിപ്പിക്കുന്നു, ലൂക്കാ 4:32) നല്ല അയൽക്കാരനാകുവാനുള്ള കഴിവ് (നല്ല സമരിയാക്കാരന്റെ ഉപമ, ലൂക്കാ 10:25-37), സഹയാത്രികനാകാനുള്ള അവസരം (എമ്മാവൂസ് ശിഷ്യന്മാർ, ലൂക്കാ 24:13-35) ആധികാരികമായ സാക്ഷ്യം, നിർഭയം മുൻവിധികളെ നേരിടുക (അന്ത്യ അത്താഴത്തിൽ ശിഷ്യരുടെ പാദം കഴുകുന്നു, യോഹ 13:1-20) ഇവയൊക്കെയാണ് ആ ജീവിതഗുണങ്ങൾ.

പ്രിയ യുവജന സുഹൃത്തുക്കളേ,

കർത്താവിന്റെ ഹൃദയം ധരിക്കുവാനും ശുശ്രൂഷകളുടെ പുണ്യങ്ങളുമായി അതിർത്തികളിലേക്ക് സഞ്ചരിക്കുവാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ മുതിർന്നവരും, പരിശീലകരും നിങ്ങളോടൊപ്പമുണ്ട്. ബാഹ്യപ്രകടനങ്ങളില്ലാത്ത അർത്ഥവത്തായ ഒരു യുവജനാദിനാഘോഷംനടത്തുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

2018 ഒക്ടോബർ മാസം 7-ാം തീയതി സഭാതല യുവ ജനദിന പരിപാടികൾക്ക് പാറശാല ഭദ്രാസനത്തിലുള്ള നെയ്യാറ്റിൻകര വൈദിക ജില്ലയിലെ ചെമ്പരത്തിവിള മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയമാണ് ആതിഥേയത്വം വഹിക്കുന്നത്. അന്നേദിവസത്തെ കാണിക്ക അതാത് ഭദ്രാസനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ആകെ വരുമാനത്തിന്റെ പകുതി ഭദ്രാസനങ്ങളിലെ യുവജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ബാക്കി തുക മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി സഭാ കാര്യാലയത്തിൽ എത്തിക്കുവാൻ ഭദ്രാസന ഫിനാൻസ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ!

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

20-09-2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



**ശതാബ്ദി സ്മാരക 'ദീപഗിരി' ബഥനി ആശ്രമത്തിന്റെ കൂദാശ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിക്കുന്നു.
(റാന്നി– പെരുനാട്, 22 സെപ്റ്റംബർ 2018)**



**അത്യഭിവന്ദ്യ കാതോലിക്കബാവാ തിരുമേനി കൂദാശചെയ്ത
വേങ്ങോട് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ വൈദിക മന്ദിരം
(2018 സെപ്റ്റംബർ 29)**



തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ
റവ. ഫാ. ജോൺ സി. സി. മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ്
ബഹു. വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങുന്നു.
(വി. ജെ. റ്റി ഹാൾ, 5 സെപ്റ്റംബർ 2018)

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ !**

From
**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116, 2443374